# ശ്രദ്ധിക്കുക

**കോവിഡ്19 മഹാമാരിയുടെ പശ്ചാത്തലത്തിൽ യൂണിവേഴ്സിറ്റി നിബന്ധനകൾക്കനുസൃതമായി പൂർണ്ണമായും ഓൺലൈൻ രീതിയിലാണ് 202021 അക്കാദമിക് വർഷത്തേക്കുള്ള അഡ്മിഷൻ നടത്തുന്നത്. ആയതിനാൽ അപേക്ഷകരും രക്ഷിതാക്കളും കോളേജിലെ ഓൺലൈൻ നടപടിക്രമങ്ങളിലേക്ക് പ്രവേശിക്കുന്നത് മുമ്പ് യൂണിവേഴ്സിറ്റി വെബ്സ!! ൈ!!റ്റിൽ നിന്നും അഡ്മിഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. യൂണിവേഴ്സിറ്റി വെബ്സ**http://cap.mgu.ac.in/

1. കോവിഡ് 19 പശ്ചാത്തലത്തിൽ അഡ്മിഷൻ പൂർണ്ണമായും ഓൺലൈൻ പ്രക്രിയ വഴിയായിരിക്കും.
2. അപേക്ഷകർ അഡ്മിഷൻ നേടുന്നതിനോ, അഡ്മിഷൻ സംബന്ധിയായ അന്വേഷണങ്ങൾക്കായോ കോളേജിൽ നേരിട്ട് ഹാജരാകേണ്ടതില്ല.
3. ഓൺലൈൻ അഡ്മിഷന്റെ ഭാഗമായി വിവരങ്ങൾ അപ്ലോഡ് ചെയ്യുകയും ഓപ്ഷനുകൾ തെരഞ്ഞെടുക്കുകയും ചെയ്യുമ്പോൾ പരമാവധി ശ്രദ്ധ പുലർത്തുകയും തെറ്റുകൾ ഒഴിവാക്കുകയും ചെയ്യുക. അപേക്ഷകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന തെറ്റുകൾ മൂലം പിന്നീടുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്കോ, അഡ്മിഷൻ റദ്ദാകൽ, ഹയർ ഓപ്ഷൻ നഷ്ടമാവുക തുടങ്ങിയ സാഹചര്യങ്ങൾക്കോ കോളേജിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
4. എം.ജി. യൂണിവേഴ്സിറ്റി ഏകജാലക അഡ്മിഷൻ പ്രക്രിയ(CAP) വഴി അലോട്മെന്റ് ലഭിച്ച അപേക്ഷകർക്കു മാത്രമേ കോളേജിൽ ഓൺലൈൻ അഡ്മിഷൻ നേടാൻ സാധിക്കുകയുള്ളൂ.
5. അപേക്ഷകർ അപ് ലോഡ് ചെയ്തിട്ടുള്ള എല്ലാ സാക്ഷ്യപത്രങ്ങളും മറ്റു വിവരങ്ങളുടെയും ആധികാരികത പരിശോധിക്കൽ, ഫീസ് പേയ്മെന്റ് എന്നീ നടപടിക്രമങ്ങൾക്കു ശേഷം മാത്രമേ കോളേജിൽ അഡ്മിഷൻ നൽകുകയുള്ളൂ. പ്രസ്തുത രേഖകളുടെ അസൽ രേഖകൾ പിന്നീട് നിശ്ചയിക്കുന്ന സമയത്ത് കോളേജിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഈ രേഖകൾ വീണ്ടും പരീക്ഷാ രജിസ്ട്രേഷനു മുമ്പായി സർവകലാശാല തലത്തിലും നടത്തുന്നതായിരിക്കും. ഈ പരിശോധനകളിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ അപേക്ഷകന്റെ പ്രവേശനം റദ്ദാക്കപ്പെടുന്നതാണ്.
6. ഓൺലൈനിൽ അഡ്മിഷൻ ടൈപ്പ് (സ്ഥിരം/താൽക്കാലികം) തെരഞ്ഞെടുക്കുമ്പോഴും ഓപ്ഷനുകൾ റദ്ദാക്കുമ്പോഴുമെല്ലാം പരമാവധി ശ്രദ്ധപുലർത്തുക. പ്രസ്തുത വിവരങ്ങൾ തിരുത്തുവാൻ പിന്നീട് സാധിക്കുകയില്ല.

7. യൂണിവേഴ്സിറ്റി പ്രസിദ്ധീകരിക്കുന്ന പട്ടികയിൽപ്പെടുന്ന വിദ്യാർത്ഥികളെ, സർട്ടിഫിക്കറ്റുകളുടെ ഓൺലൈൻ വേരിഫിക്കേഷൻ കഴിഞ്ഞ് യോഗ്യരായി കണ്ടെത്തിയാൽ മാത്രമേ കോളേജിൽ അഡ്മിറ്റ് ചെയ്യുകയുള്ളൂ.

8. സ്ഥിരപ്രവേശനം എടുക്കുന്നവർ മാത്രമേ ഫീസ് അടയ്ക്കേണ്ടതുള്ളൂ.

9. സ്ഥിര പ്രവേശനമെടുക്കുന്നവർ ടി.സി., കോണ്ടക്റ്റ് സർട്ടിഫിക്കറ്റ്, ഓൺലൈൻ അപേക്ഷാഫോറം ഒറിജിനൽ, ഫീസ് അടച്ചതിന്റെ രസീത്, ക്യാപ് രജിസ്ട്രേഷൻ മെമ്മോ എന്നിവ 15 ദിവസത്തിനകം രജിസ്റ്റേർഡ് തപാൽ മുഖേന അയയ്ക്കേണ്ടതാണ്. അതിനുശേഷം മാത്രമേ ഓൺലൈൻ പ്രക്രിയ പൂർണ്ണമാകുകയുള്ളൂ.

10. ഓൺലൈൻ പ്രവേശനത്തിന് കോളേജ് Website ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.

11. അഡ്മിഷൻ സംബന്ധിച്ചുള്ള സംശയനിവാരണത്തിനായിWebsite ലഭ്യമായിട്ടുള്ള നമ്പറുകളിൽ ബന്ധപ്പെടുക.

12. അലോട്മെന്റ് സംബന്ധമായ വിശദമായ ഷെഡ്യൂൾ കാപ് Website ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകരും ഇത് പരിശോധിച്ച് മനസ്സിലാക്കേണ്ടതാണ്.

# അഡ്മിഷന് ഹെല്പ്ലൈന്

അഡ്മിഷൻ സംബന്ധിച്ചുള്ള സംശയങ്ങൾക്ക്:

**Office:** **9496180615, 9495022053, 04842226449** (Self Financing)

**Sports Quota : 9447197206, Cultural Quota : 9400352406**

**Nodal Officer: 9447120534**

അഡ്മിഷനുമായി ബന്ധപ്പെട്ട സാങ്കേതിക സംശയങ്ങൾക്ക്: **8089831062**